STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.515/PR/SPMC/PHQ/2021 Date:15.11.2021

# ഡി.ജി.പിയുടെ ഓൺലൈൻ അദാലത്ത് ഡിസംബർ ഒൻപതിന്

വനിതാ ബറ്റാലിയൻ, ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ, റാപ്പിഡ് റെസ്പോൺസ് ആന്റ് റെസ്ക്യൂ ഫോഴ്സ്, മലബാർ സ്പെഷ്യൽ പോലീസ്, സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് എന്നീ ബറ്റാലിയനുകളുടേയും വയനാട് ജില്ലയിലേയും പോലീസ് ഉദ്യോഗസ്ഥരുടെ പരാതികളിൽ പരിഹാരം കാണുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ഓൺലൈൻ അദാലത്ത് ഡിസംബർ ഒൻപതിന് നടക്കും.

പരാതികൾ നവംബർ 21 ന് മുമ്പ് പോലീസ് ആസ്ഥാനത്ത് spctalks.pol@kerala.gov.in എന്ന വിലാസത്തിൽ ലഭിക്കണം. പരാതിയിൽ മൊബൈൽ നമ്പർ ഉൾപ്പെടുത്തണം. ഹെൽപ്പ് ലൈൻ നമ്പർ: 9497900243.

SPC talks with cops എന്ന് നാമകരണം ചെയ്തിരിക്കുന്ന പരിപാടിയിൽ സർവ്വീസിൽ ഉള്ളതും വിരമിച്ചതുമായ പോലീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധവും വ്യക്തിപരവുമായ പരാതികളാണ് പരിഗണിക്കുന്നത്. ഇവ നേരിട്ട് സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാം. പോലീസ് ഉദ്യോഗസ്ഥർക്ക് മേലധികാരി മുഖേന അല്ലാതെ നേരിട്ടുതന്നെ പരാതി നൽകാമെന്നതാണ് ഇതിന്റെ പ്രത്യേകത. പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതപങ്കാളിക്കും പരാതി നൽകാം.

********************************